## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2214 — 18-07-2016 -ൽ മറുപടിക്ക്

## പരവൂർ പുറ്റിങ്ങൽ ക്ഷേത്ര വെടിക്കെട്ട് അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ആശ്വാസധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ജി.എസ്.ജയലാൽ** | | **ശ്രീ.ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഹൗസിംഗും വകുപ്പ് മന്ത്രി)** |
| എ) | പരവൂർ പുറ്റിങ്ങൽ ക്ഷേത്ര വെടിക്കെട്ട് അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ആശ്വാസധനസഹായമായി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച തുക പൂർണ്ണമായും നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ നൽകിയ തുകയുടെ പൂർണ്ണ വിവരം വ്യക്തമാക്കാമോ; ബാക്കി തുക എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ; | എ) | പരവൂർ പുറ്റിങ്ങൽ അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ആശ്വാസ ധനസഹായം പൂർണ്ണമായും ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ തിരുവനന്തപുരം ജില്ലയിൽ അവകാശ തർക്കമുള്ള മൂന്ന് പേരുടെയും വെടിക്കെട്ട് ലൈസൻസിയായ ഒരാളുടെയും പേരിലുള്ള തുക വിതരണം ചെയ്തിട്ടില്ലാത്തതാണ്. ആയത് തർക്കം പരിഹരിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്. പ്രസ്തുത അപകടത്തിൽ മരണമടഞ്ഞ 109 പേരിൽ മേൽ പറഞ്ഞ നാല് പേർക്കൊഴികെ 105 പേരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപ വീതം 10 കോടി 50 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആശ്വാസ ധനസഹായം ലഭ്യമാക്കുന്നതിനായി ദുരന്ത ബാധിതരുടെ ലഭ്യമായ വിവരങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്. |
| ബി) | പരിക്കേറ്റവർ ആകെ എത്ര പേരാണെന്നും ഇവർക്ക് ലഭിക്കുവാനുള്ള ചികിത്സാധന സഹായം പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടോ യെന്നും അറിയിക്കാമോ; | ബി) | പ്രസ്തുത അപകടത്തിൽ 501 പേർക്ക് പരിക്കേറ്റിട്ടുണ്ട്. ടി അപകടവുമായി ബന്ധപ്പെട്ട് 10.04.2016 മുതൽ 13.04.2016 വരെ വിവിധ സർക്കാർ/ സ്വകാര്യ ആശുപത്രികളിൽ ചികിത്സ നേടിയ ദുരന്തബാധിതർക്ക് ചികിത്സാധനസഹായം നൽകിയിട്ടുണ്ട്. 13.04.2016-നു ശേഷം സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കിയിട്ടുണ്ട്. |
| സി) | തുടർ ചികിത്സ ആവശ്യമുള്ളവർക്ക് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | സി) & ഡി) | അപകടത്തിൽ പരിക്കേറ്റ് ജില്ലാ ആശുപത്രികളിലും, മെഡിക്കൽകോളേജ് ആശുപത്രിയിലും ചികിത്സക്കായോ തുടർചികിത്സക്കായോ പ്രവേശിക്കപ്പെട്ടവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. സൗജന്യ തുടർ ചികിത്സാ സൗകര്യം മേൽ സർക്കാർ ആശുപത്രികളിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | ഗുരുതരമായി പരിക്കേറ്റ് സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടിയിരുന്ന വർക്ക് തുടർന്നും പ്രസ്തുത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കാൻ നടപടി സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ